# Abode of youth

## Youth hostel camaraderie

**യൂത്ത് ഹോസ്റ്റൽ പ്രസ്ഥാനത്തിന് 100 വയസ്സു തികയുമ്പോൾ പല രാജ്യങ്ങളിലെ യൂത്ത് ഹോസ്റ്റൽ അനുഭവങ്ങളുമായി ഒരു സഞ്ചാരി**

text& photos:
**Dr. P.V. Ramachandran**



അമ്പതുകളുടെ പടിവാതിലിലെത്തിയ ശേഷമാണ് ഞാൻ നല്ലൊരു സഞ്ചാരിയാവുന്നതും അന്തിക്ക് കൂടണയാൻ പറ്റിയ കേന്ദ്രങ്ങളാണ് യൂത്ത് ഹോസ്റ്റലുകൾ എന്ന് മനസിലാക്കുന്നതും. ഒറ്റക്കുള്ള യാത്രകളിൽ മാത്രമല്ല, ഭാര്യ കൂടെയുള്ളപ്പോഴും, അടുത്ത ചങ്ങാതിമാരോ, മക്കളോ കൂടെയുള്ളപ്പോഴും ഈ പതിവിന് മാറ്റം വരുത്തിയിട്ടില്ല, ഏത് കാലവും പരിമിത വിഭവനായിരുന്നത് കൊണ്ട് പ്രത്യേകിച്ചും.

യൂത്ത് ഹോസ്റ്റലുകൾ യുവാക്കൾക്കു വേണ്ടിയല്ലേ എന്ന ചോദ്യം ശരി. അന്തിയോടെ അവിടെ ചേക്കേറുന്ന കിളികളിൽ എൺപതു ശതമാനവും 25 വയസിനു താഴെയുള്ളവർ തന്നെ. പക്ഷെ, യുവത്വം പിന്നിട്ടവർക്കു നേരെ യൂത്ത്ഹോസ്റ്റലുകൾ വാതിൽ കൊട്ടിയടയ്ക്കാറില്ല. വാസ്തവത്തിൽ ഒരു സഞ്ചാരിക്ക് എങ്ങിനെയാണ് യുവത്വം നഷ്ടപ്പെടുക? രോഗമോ അവശതയോ പോലുള്ള പ്രകൃതിനിയമങ്ങൾ തടയിടും വരെ സഞ്ചാരിയുടെ പ്രായം കുടുന്നതേ ഇല്ല. തലേന്ന് രാത്രി യൂത്ത് ഹോസ്റ്റലിൻെറ ഭക്ഷണമുറിയിലോ ലോഞ്ചിലോ വെച്ച് ഇടപഴകിയ ചെറുപ്പക്കാരൻെറയോ ചെറുപ്പക്കാരിയുടെയോ പ്രായമാണ് ഒരു മുതിർന്ന സഞ്ചാരിയുടെ പ്രായം. അനൗദ്യോഗികമായി തന്നെ ലോകമാസകലം യൂത്ത് ഹോസ്റ്റലുകൾ പ്രായപരിധി എടുത്തുകളഞ്ഞതിൽ അത്ഭുതമുണ്ടോ? പ്രായം സൂചിപ്പിക്കുന്ന കോളത്തിൽ 20-25, 25-30, 30-35, 35-40 എന്നിവയ്ക്കു ശേഷം 40..... എന്നിങ്ങനെ ശൂന്യതയിലവസാനിക്കുന്നതാണ് അവസാനത്തെ സ്ളാബ്.

അന്താരാഷ്ട്ര യൂത്ത് ഹോസ്റ്റൽ അംഗമല്ലെങ്കിലും ആർക്കും യൂത്ത് ഹോസ്റ്റലുകളിൽ താമസിക്കാം. ഒരു ചെറിയ അംഗത്വഫീസ് കൊടുക്കണമെന്നു മാത്രം. ആദ്യമാദ്യം കോഴിക്കോട് നല്ലളത്തെ ഇലക്ട്രിസിറ്റി ഓഫീസിൽ ജോലി ചെയ്തിരുന്ന അന്നത്തെ സെക്രട്ടറിയെ ചെന്നു കണ്ട് ഓരോ വർഷത്തെ അംഗത്വം 50 രൂപയ്ക്കോ മറ്റോ എടുക്കാറായിരുന്നു പതിവ്. പിന്നീടെപ്പഴോ പൊന്നാനിക്കാരനായ സ്റ്റേറ്റ് സെക്രട്ടറി മുഖേന 500 രൂപയ്ക്ക് ഡൽഹിയിൽ നിന്നും ആജീവനാന്ത മെമ്പർഷിപ്പ് വരുത്തിയ ശേഷം, ഇപ്പോൾ അത്രയും തുക, ഓരോ തവണയും യൂത്ത്ഹോസ്റ്റൽ താമസത്തിൽ ലാഭിക്കുന്നു.

യൂത്ത് ഹോസ്റ്റലുകളെല്ലാം സൗഹൃദത്തിൻെറ തണൽമരങ്ങളാണെന്നും അവിടങ്ങളിലെ ഏതൊക്കെയോ നാട്ടുകാരായ, ആണോ പെണ്ണോ ആയ, റിസപ്ഷനിസ്റ്റുകളെല്ലാം സൗഹൃദത്തിൻെറ ഏതോ ആഗോള സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ് എടുത്തവരാണ് എന്നുമാണ് ഈ ലേഖകൻെറ അനുഭവം. മുന്തിയതോ താണതോ ആയ ഹോട്ടലുകളിലെ ഹോട്ടൽ മാനേജ്മെൻറ് പഠിച്ചിറങ്ങിയ, സ്യൂട്ടും ടൈയും ധരിച്ച ചെറുപ്പക്കാരുടെ യാന്ത്രികമായ കൃത്രിമ സൗഹൃദത്തിൽ നിന്നും പുഞ്ചിരിയിൽ നിന്നുമുള്ള അകലം ഒരു യൂത്ത് ഹോസ്റ്റൽ റിസപ്ഷനിൽ നിമിഷാർധം കൊണ്ട് വെളിവാവും.

ആദ്യമായി കണ്ട യൂത്ത് ഹോസ്റ്റൽ വിയന്നയിലായിരുന്നു. 2000-ത്തിലെ മഞ്ഞുകാലം. ഒരു കോൺഫറൻസിനായിരുന്നു ഒരാഴ്ചക്കാലം വിയന്നയിൽ. മാർച്ചായിട്ടും മഞ്ഞ് വിട്ടൊഴിഞ്ഞിരുന്നില്ല. ക്ഷണിക്കപ്പെട്ട പ്രതിനിധിയായതിനാൽ ഒറ്റ ജനൽ മാത്രമുള്ള ഒരു ഹോട്ടൽ മുറി എനിക്കുണ്ടായിരുന്നു. (മനുഷ്യർ മുറികൾ പണിത് സ്വയം അവരെ അതിനകത്ത് തടവിലിടുന്നു എന്ന് പറഞ്ഞത് തോറോ ആണ്). അവസാനദിവസം സ്ഥലം നടന്നു കാണാൻ വേണ്ടി ഞാനൊരു ചെലവ് കുറഞ്ഞ താമസസ്ഥലം അന്വേഷിച്ചു. നഗരചത്വരത്തിനകത്ത് നാല് യൂത്ത് ഹോസ്റ്റലുകളുള്ള വിയന്നയിൽ മാപ്പ് നോക്കിയും റോഡിലെ കുടിൽ അടയാളം നോക്കിയും അവ കണ്ടെത്താൻ വിഷമമുണ്ടായില്ല. കൂട്ടത്തിൽ ഡാന്യൂബിൻെറ തീരത്തൊരെണ്ണം, ഒരു രാത്രി മാത്രം താമസിക്കാൻ, കണ്ടെത്തി. ഉറങ്ങിയെഴുന്നേൽക്കുമ്പോൾ ഒരവിസ്മരണീയ ദൃശ്യം. രാത്രിയിലെപ്പഴോ കള്ളനെ പോലെ വന്ന് മഞ്ഞ് ഡാന്യൂബിൻെറ മേൽ ഒരു തൂവെള്ള പുതപ്പ് വിരിച്ചിട്ടിരിക്കുന്നു! ഒരു രാത്രിയേ ഉണ്ടായിരുന്നുള്ളൂവെങ്കിലും ഇറങ്ങാൻ നേരത്ത് ഈ സർവ്വേ പൂരി

**റിച്ചാർഡ് ഷീർമാൻ എന്ന ജർമ്മൻ സ്കൂൾ അധ്യാപകന് നന്ദി. പറന്നു നടക്കുന്ന ലോകസഞ്ചാരികൾക്ക് ചേക്കേറാൻ ഒരു കൂടുണ്ടാക്കിയതിന്**



സ്കോട്ടിഷ് ഉയരങ്ങളിലെ അച്ചൻഡൻ ഹൗസ് യൂത്ത് ഹോസ്റ്റൽ: ഒരു രാത്രി ദൃശ്യം

# യൂത്ത് ഹോസ്റ്റൽ, സഞ്ചാരികൾക്കുള്ളതാണ്

പ്പിച്ചു തന്നാൽ ഒരു സമ്മാനം ഉറപ്പുണ്ടെന്ന് റിസപ്ഷനിസ്റ്റ്. ഒരു ചെറിയ ക്യാൻ ആസ്ട്രിയൻ ബിയർ ആയിരുന്നു സമ്മാനം (കൂട്ടത്തിൽ പറയട്ടെ, പ്രത്യേകിച്ച് എഴുതി വെച്ചിട്ടില്ലെങ്കിലും പൊതുവെ യൂത്ത് ഹോസ്റ്റലുകളിൽ മദ്യപാനം ഇല്ല. ഭക്ഷണശാലകളിൽ തീർത്തും നിഷിദ്ധം തന്നെ. സഞ്ചാരിയുടെ സഞ്ചികളിൽ കണ്ടേക്കാമെങ്കിലും മദ്യം സഞ്ചാരിയുടെ ഒരു സഹായി അല്ല).

ആ വർഷം തന്നെ യൂറോപ്പിലെ ഏറ്റവും വലിയ യൂത്ത് ഹോസ്റ്റലുകളിലൊന്നായ ആംസ്റ്റർഡാമിലെ 536 കിടക്കകളുള്ള വോണ്ടൽപാർക്ക് യൂത്ത് ഹോസ്റ്റലിൽ (Stayokay Amster-dam Vondel park youth hostel) ഞാനെത്തി. മിക്കവാറും ചെറിയ യൂത്ത് ഹോസ്റ്റലുകളിൽ പുരുഷൻമാർക്കും സ്ത്രീകൾക്കും വെവ്വേറെയായി, ബങ്കർ ബെഡ്ഡുകളുള്ള ഡോർമിറ്ററികൾ മാത്രമേ കാണൂ. ഇവിടെ രണ്ടും നാലും കിടക്കകളുള്ള മുറികളും ലഭ്യം. വാടക അൽപ്പം കൂടും. മിക്കതും നേരത്തെ ബുക്ക് ചെയ്തു പോവുകയും ചെയ്യും. ദീർഘദിവസങ്ങളിലെ താമസം നിരുത്സാഹപ്പെടുത്തുന്നത് വോണ്ടൽപാർക്കിലെ ഒരു പ്രത്യേകതയാണ്. ഏറ്റവും ഡിമാൻറുള്ള ശനിയാഴ്ച രാത്രിയുടെ കൂടെ ഒരു രാത്രി കൂടിയേ ചേർക്കാനാവൂ. പ്രശസ്തമായ വാൻഗോഗ് മ്യൂസിയത്തിലേക്കും റിജക്സ് മ്യൂസിയത്തിലേക്കും ഇവിടുന്ന് നടക്കാനുള്ള ദൂരം മാത്രം. പ്രശസ്തമായ ആംസ്റ്റർഡാം കനാലുകളിൽക്കൂടി പകൽ മുഴുവനും വലം വെച്ചുകൊണ്ടിരിക്കുന്ന മ്യൂസിയം ബോട്ടുകളിലൊന്നിൽ കയറിയാൽ ഓരോ സ്റ്റോപ്പിലിറങ്ങി ഓരോ മ്യൂസിയവും കണ്ട് അടുത്തുവരുന്ന ബോട്ടിൽ അതേ ടിക്കറ്റിന് യാത്ര തുടരാം. ആൻഫ്രാങ്ക് മ്യൂസിയമാണെങ്കിൽ കനാലിൻെറ തീരത്തു തന്നെയാണ്. ഓരോ മ്യൂസിയ ടിക്കറ്റും കുറഞ്ഞ നിരക്കിൽ യൂത്ത് ഹോസ്റ്റലിൽ കിട്ടുമെന്ന് രണ്ട് മ്യൂസിയങ്ങൾ കണ്ടുകഴിഞ്ഞ ശേഷമാണ് അറിയുന്നത്. പതിവില്ലാത്ത ഒരു മുന്നറിയിപ്പും വോണ്ടൻപാർക്ക് യൂത്ത് ഹോസ്റ്റലിൽ കണ്ടു. ആംസ്റ്റർഡാമിലെ നാനൂറോളം കോഫീ ഹൗസുകളിൽ നിയമാനുസൃതമായി കഞ്ചാവ് ലഭ്യമാണ്! എന്നു വെച്ച് വാങ്ങി ബാഗിലിട്ട് അടുത്ത യാത്ര സിങ്കപ്പൂരിലേക്കോ മറ്റോ ആണെങ്കിൽ stay okay യിൽ നിന്ന് നേരെ പത്ത് വർഷം ജയിലിലേക്കായിരിക്കുമെന്ന് മാത്രം!

മിക്ക യൂത്ത് ഹോസ്റ്റലുകളിലും ലോക്കറുകൾ മുറികളിൽ ലഭ്യമാണെങ്കിലും സ്വന്തം പൂട്ടും താക്കോലും ഉണ്ടാവുന്നതാണ് ബുദ്ധി. അല്ലെങ്കിൽ വലിയ വില കൊടുത്ത് റിസപ്ഷനിൽ നിന്ന് വാങ്ങേണ്ടിവരും. അത് സഹിക്കാം. ബാത്ത് ടവ്വൽ സ്വന്തം പൊക്കണത്തിലില്ലെങ്കിൽ വാടകയ്ക്കോ സ്വന്തമായോ വാങ്ങേണ്ടി വരുന്നത് ഒരു പാര തന്നെയാണ്. മലയാളിയുടെ തോർത്ത് മുണ്ട് കയ്യിലുണ്ടെങ്കിൽ അതാണ് കേമം. അധികം സ്ഥലം വേണ്ട. പെട്ടെന്ന് ഉണങ്ങിക്കിട്ടുകയും ചെയ്യും. സകലമാന ടൂറിസ്റ്റ് ഇൻഫർമേഷൻ പാക്കുകൾക്കു പുറമെ ഇൻറർനെറ്റ്-വയർലസ് സൗകര്യങ്ങളും സൈക്കിൾ/ ബൈക്ക് സൂക്ഷിപ്പു സ്ഥലങ്ങളും ലോൺഡ്രി തുടങ്ങിയവയും മിക്കപ്പോഴും ലഭ്യമാണ്, തീരെ ചെറിയ യൂത്ത് ഹോസ്റ്റലുകളിലൊഴിച്ച് മിക്ക ഹോസ്റ്റലുകളിലും ഹോട്ടലുകളിലെ പോലെ ബ്രേക്ക് ഫാസ്റ്റ് ഫ്രീ ആയിരിക്കും. ചിലയിടത്ത് ചുരുങ്ങിയ ചാർജിന് നല്ല ബ്രേക്ക് ഫാസ്റ്റും നല്ല ഒരു ഡിന്നർ തന്നെയും ലഭ്യമായേക്കാം. ഇൻറർനെറ്റ് വഴി ലോകത്തിലെവിടെയും യൂത്ത് ഹോസ്റ്റലുകളിലെ മുറികൾ ബുക്ക് ചെയ്യാം. ചില സ്ഥലങ്ങളിൽ പൂർണ്ണമായും പണം ആദ്യമേ അടയ്ക്കണം. ചിലപ്പോൾ 10 ശതമാനം മാത്രം ബുക്ക് ചെയ്യുമ്പോൾ ഓൺലൈനായി അടച്ചാൽ മതിയാവും. ചെന്നില്ലെങ്കിൽ ആ പണം നഷ്ടപ്പെടാതിരിക്കാനും വിദ്യയുണ്ട്. അതിലും ചെറിയ തുകയ്ക്ക് ഒരു ക്യാൻസലേഷൻ പ്രൊട്ടക്ഷൻ ഇൻഷുറൻസ്!

യൂറോപ്പിലെ മറ്റൊരു നല്ല യൂത്ത് ഹോസ്റ്റൽ ജനീവയിലേതാണ്. അതിൻെറ മുകൾനിലയിൽ നിന്ന് ജനീവ തടാകത്തെ നോക്കി മണിക്കൂറുകൾ ഇരിക്കാം, മതി വരില്ല. കുറേക്കൂടി ആധുനികമായ ഈ യൂത്ത് ഹോസ്റ്റലിൽ കൂടുതൽ സ്വ



ബ്രിസ്റ്റോൾ യൂത്ത് ഹോസ്റ്റൽ



കാന്റർബറി യൂത്ത് ഹോസ്റ്റൽ

കാര്യതയുള്ള മുറികളും ലഭ്യമാണ്. പൂട്ടിനും താക്കോലിനും പകരം നിങ്ങളുടെ കയ്യിലുള്ള ഏതെങ്കിലും ക്രെഡിറ്റ്/ഡെബിറ്റ് കാർഡിന്റെ മാഗ്നറ്റിക് സ്ട്രിപ്പ് ഉപയോഗിച്ച് ഒരു ലോക്കർ നിങ്ങൾക്ക് കസ്റ്റമൈസ് ചെയ്യാം. മുറി കാലിയാക്കുമ്പോൾ ലോക്കർ തുറന്നിട്ട് പോവാൻ ഒരു അഭ്യർഥനയുണ്ടാവും. അത് ചെയ്തില്ലെങ്കിൽ അവർക്ക് പണിയാവും. മുറികളിലേക്ക് പ്രവേശിക്കാനുള്ള മാഗ്നറ്റിക് കാർഡുകൾ ഓർമ്മിച്ച് തിരിച്ചു കൊടുക്കുന്നതാണ് മര്യാദ (ഒരു പെട്ടിയിൽ ഇട്ടാൽ മതി. പലപ്പോഴും ആരും കാണില്ല, നിങ്ങൾ സ്ഥലം വിടുമ്പോൾ).

മറ്റൊരിക്കൽ ഒരു അപ്രതീക്ഷിത സൗഹൃദഹസ്തം നീണ്ടുവന്നത് ആതൻസ് നഗരമധ്യത്തിലുള്ള ഒരു യൂത്ത് ഹോസ്റ്റൽ റിസപ്ഷനിസ്റ്റിൽ നിന്നായിരുന്നു. ഒരു പ്രത്യേക സാഹചര്യത്തിൽ പുലർച്ചെ മൂന്നു മണിക്കാണ് ആതൻസിൽ വിമാനമിറങ്ങിയത്. നാലു മണിക്കു മുമ്പെ തന്നെ ടാക്സിക്കാരൻ കൃത്യമായി സ്ഥലത്ത് കൊണ്ടാക്കി. പിറ്റേന്ന് 11 മണിക്കു മാത്രമേ എന്റെ മുറിയുണ്ടാവൂ എന്നറിയാമെങ്കിലും ഭാഗ്യം പരീക്ഷിക്കാമെന്ന് കരുതി. ആ നേരത്ത് മറ്റൊന്നും ചെയ്യാനുമില്ല.മറ്റെവിടെയും പോവാനുമില്ലല്ലോ. കണ്ണിറുക്കി ചിരിച്ചു കൊണ്ട് റിസപ്ഷനിസ്റ്റ് ചോദിച്ചു. 10 മണി വരെ ഒറ്റയുറക്കം ഉറങ്ങാമോ? നിന്നാൽ പോലും ഉറങ്ങുമെന്ന അവസ്ഥയിലായിരുന്നു, വിമാനത്തിൽ തീരെ ഉറങ്ങാനാവാഞ്ഞ ഞാൻ. (വിമാനം പോലെ വായിക്കാൻ സുഖമുള്ള സ്ഥലം വേറെയില്ല, അവിടെയിരുന്ന് ഇത്രയധികം പേർ ഉറങ്ങുന്നതെങ്ങിനെയാണെന്ന് എനിക്ക് ഇതുവരെ മനസിലായിട്ടില്ല) പുള്ളി, എനിക്ക് ഒരു താക്കോൽ തന്നു. ഒരു ബെഡ് നമ്പർ പറഞ്ഞു തന്നു. എന്റെ കയ്യിലുണ്ടായിരുന്ന ഷീറ്റ് ആ കിടയ്ക്ക് മേൽ വിരിച്ച് അത് മുഷിപ്പിക്കുക പോലും ചെയ്യാതെ 5 മണിക്കൂർ ഒറ്റയുറക്കം. ഞാൻ കാര്യം കഴിഞ്ഞ് സ്ഥലം വിട്ടാലോ? എന്റെ അസൗകര്യമുണ്ടാക്കുന്ന വലിയ ലഗേജ് പുള്ളി റിസപ്ഷനിൽ വാങ്ങി സൂക്ഷിച്ചു.

ഉറങ്ങിയെഴുന്നേറ്റ്, കുളിയും പാസാക്കി ഇറങ്ങി വന്നപ്പോൾ റിസപ്ഷനിൽ ആളു മാറിയിരിക്കുന്നു. പരുങ്ങി നിന്ന എന്നെ സുസ്മേരവദനയായി സ്വീകരിച്ച പുതിയ റിസപ്ഷനിസ്റ്റ് ഒരു മുതിർന്ന സ്ത്രീയായിരുന്നു. എന്റെ യഥാർഥ മുറിയുടെ താക്കോൽ നീട്ടുമ്പോൾ, ഇന്ത്യക്കാരനാണെന്ന് മനസിലാക്കിയപ്പോൾ, അവരുടെ വക ഒരു പ്രത്യേക കമന്റ് വിസ്മയിപ്പിച്ചു. ഇന്ദിരാഗാന്ധിയുടെ നാട്ടിൽ നിന്നല്ലേ! ഇന്ദിര മരിച്ചിട്ട് 22 വർഷം കഴിഞ്ഞിരുന്നു എന്നോർക്കുക. കൂട്ടത്തിൽ പറയട്ടെ. യൂറോപ്പിൽ താമസിച്ചിട്ടുള്ളവയിൽ ഏറ്റവും ഇടുങ്ങിയതും സൗകര്യങ്ങൾ താരതമ്യേന കുറഞ്ഞതും ആതൻസിലെ ഈ യൂത്ത്ഹോസ്റ്റൽ ആയിരുന്നു. ഇൻസ്പെക്ടർമാരെ അയച്ച് അടച്ചുപൂട്ടിക്കണമെന്ന് ഒരു സഞ്ചാരി ഇന്റർനെറ്റ് റിവ്യൂകളിലൊന്നിൽ എഴുതിക്കണ്ടു. എന്നാലോ, ഏത് ഭാഗത്തു നിന്ന് നോക്കിയാലും അക്രോപോളിസ് കാണാവുന്ന, താരതമ്യേന ചെറിയ നഗരമായ, ആകെക്കുടി അഞ്ചോ ആറോ ലൈനുകളുള്ള യൂറോപ്പിലെ ഏറ്റവും പ്രായം കുറഞ്ഞ ട്യൂബ് റെയിൽവേ ഉള്ള, ആതൻസ് നഗരത്തിൽ നിമിഷങ്ങൾ കൊണ്ട് നിങ്ങൾക്ക് നിങ്ങളുടെ മുറിയിൽ കാൽനടയായി തിരിച്ചെത്താനും അടുത്ത പര്യവേഷണത്തിനിറങ്ങിത്തിരിക്കാനും നഗരത്തിന്റെ ഒത്ത നടുവിലുള്ള ഈ യൂത്ത് ഹോസ്റ്റൽ തന്നെ അത്യുത്തമം. 200 വർഷമായി ലണ്ടൻ അണ്ടർഗ്രൗണ്ട് റെയിൽവേ വന്നിട്ട്. അത്കൊണ്ടാവണം വൃത്തിയുടെയും മനോഹാരിതയുടെയും കാര്യത്തിൽ മറ്റേ അറ്റത്താണ് അത്. എന്നാൽ ആതൻസിലെ ഓരോ ട്യുബ് സ്റ്റേഷനും ഓരോ മ്യൂസിയം തന്നെയാണ്. പരസ്യങ്ങളേ ഇല്ലാത്ത ഒരു ട്യൂബ് റെയിൽവേ!



ആമ്പിൾസൈഡ് യൂത്ത് ഹോസ്റ്റൽ

440 മുറികളുള്ള, ഫ്രാൻസിലെ ഏറ്റവും വലിയ ഈ യൂത്ത് ഹോസ്റ്റൽ ഒരു ഹോട്ടൽ പോലെ തോന്നി. ഡോർമിറ്ററികൾക്ക് പുറമെ 25 ട്വിൻ റൂമുകളും ഏഴ് ഡബിൾ റൂമുകളും ഇവിടെയുണ്ട്. (യൂറോപ്പിലൊക്കെ ചെല്ലുമ്പോൾ ട്വിൻ റുമും ഡബിൾ റൂമും തമ്മിലുള്ള തിരിച്ചറിവ് പ്രധാനമാണ്. ഇണകൾക്കുള്ളതാണ് ഡബിൾ റൂം. അതിൽ ഒരു കിങ്സൈസ് (ഡബിൾ) ബെഡ് മാത്രമേ കാണൂ. രണ്ട് വെവ്വേറെ സിംഗിൾ ബെഡ്ഡുകൾ ഉള്ളതാണ് ട്വിൻ റൂം, രണ്ട് പേർക്കുള്ളത്. ആണായാലും പെണ്ണായാലും. രണ്ട് സ്ത്രീകളോ രണ്ട് പുരുഷൻമാരോ ചേർന്ന് ബുക്ക് ചെയ്യുന്നത് ഡബിൾ റൂം ആണെങ്കിൽ, അതായത് ഒരു കിടക്കയാണ് പങ്കിടുന്നത് എങ്കിൽ, നിങ്ങൾ സ്വവർഗാനുരാഗികളാണെന്ന് ആളുകൾ കരുതും. അപൂർവ്വം ചില ഹോട്ടലുകൾ അത് പറ്റില്ലെന്നും പറഞ്ഞേക്കും, അങ്ങിനെ പറയുന്നത് മിക്കയിടത്തും വിവേചനപരവും നിയമ വിരുദ്ധവുമാണെങ്കിലും. ഏതായാലും അറിഞ്ഞ് ബുക്ക് ചെയ്താൽ അവനവന് അമ്പരപ്പ് ഉണ്ടാവുന്ന സന്ദർഭങ്ങൾ ഒഴിവാക്കാം.

താമസിച്ചില്ലെങ്കിലും നടന്നു നോക്കിയപ്പോൾ, ഓർത്താഞ്ഞോ്യാ, വോണ്ടൻപാർക്കിനെ പോലെ വളരെ വലുത് തന്നെ. പക്ഷെ ഇത്തിരി കമേഴ്സ്യൽ ആണ്. ബേസ്മെന്റിൽ പൂർണ്ണമായും കമേഴ്സ്യൽ ആയ ഒരു ബാർ തന്നെ പ്രവർത്തിക്കുന്നു. ഇന്റർനെറ്റിന് ചാർജ് കൂടുതലാണ്. ഭക്ഷണം സ്വയം പാചകം ചെയ്യാൻ പറ്റില്ല. കിട്ടുന്ന ഭക്ഷണത്തിന് വില കൂടുതലാണ്. ലോക്കറിന് കാശ് വേ

റെ കൊടുക്കണം. എന്നിരുന്നാലും പ്രശസ്തനായ ഡ്യൂമായുടെ നാലാമൻെറ പേരിലുള്ള യൂത്ത്ഹോസ്റ്റലിൽ താമസിച്ച്, ഇത്തിരി അകലെയാണെങ്കിലും, വളരെ എഫിഷ്യൻറ് ആയ പാരീസ് ട്യൂബ് റെയിൽവേ ആസ്വദിച്ച് പാരീസ് മുഴുവൻ ചുറ്റിക്കറങ്ങാം.

ഇംഗ്ലണ്ടും വെയിൽസും സ്കോട്ലൻഡും ചേർന്ന ഗ്രേറ്റ് ബ്രിട്ടനും കൂട്ടത്തിൽ വടക്കൻ അയർലൻഡും കൂടി ചേർന്നാൽ ഉണ്ടാവുന്ന യുണൈറ്റഡ് കിംഗ്ഡമും (യു.കെ) യൂത്ത് ഹോസ്റ്റലുകളുടെ പറുദീസ തന്നെ. യൂറോപ്പിലെ പോലെ വളരെ വലിയവ കുറവാണെങ്കിലും ദേശീയ യൂത്ത് ഹോസ്റ്റൽ അസോസിയേഷൻെറ കീഴിലുള്ള ഇംഗ്ലണ്ടിലേയും വെയിൽസിലേയും ഹോസ്റ്റലുകളും സ്കോട്ടിഷ് യൂത്ത്ഹോസ്റ്റൽ അസോസിയേഷൻെറ കീഴിലുള്ള സ്കോട്ട്ലൻഡിലെ യൂത്ത് ഹോസ്റ്റലുകളും സഞ്ചാരികളുടെ ഇഷ്ടകേന്ദ്രങ്ങളാണ്. നഗരമധ്യത്തിലുള്ള യൂത്ത്ഹോസ്റ്റലുകൾ പ്രായോഗികമായി ഏറെ ഉപകാരപ്രദമെങ്കിലും പ്രകൃതി സൗന്ദര്യം വഴിഞ്ഞൊഴുകുന്ന ഗ്രാമാന്തരങ്ങളിലും തടാകക്കരകളിലും ഉള്ള ശാന്തസുന്ദരമായ ഹോസ്റ്റലുകൾ തന്നെയാണ് പ്രസ്ഥാനത്തിൻെറ യശസ്സുയർത്തുന്നത്. അന്യഥാ തിരക്ക് പിടിച്ചതും ആവർത്തന വിരസത തോന്നിപ്പിക്കുന്നതുമായ ബ്രിട്ടീഷ് പട്ടണങ്ങളിലേയും നഗരങ്ങളിലേയും (ലണ്ടനൊഴിച്ച്) യൂത്ത് ഹോസ്റ്റലുകൾ പലപ്പോഴും എഴുത്തിനും വായനയ്ക്കും കൂടി ഉതകുന്ന സങ്കേതങ്ങളാണ്. ചിലേടത്തെങ്കിലും പുസ്തകശേഖരങ്ങളും (ഉദാ: ചരിത്രമുറങ്ങുന്ന കാൻറർബറി യൂത്ത് ഹോസ്റ്റൽ ) കാണാം. ലേക്ക് ഡിസ്ട്രിക്ട് മുഴുവൻ നടന്നുകാണാൻ കേന്ദ്രമായുപയോഗിക്കാവുന്ന വിൻറർമിയർ തടാകക്കരയിലെ ആമ്പിൾ സൈസ് യൂത്ത് ഹോസ്റ്റലിന് നിങ്ങളെ റെയിൽവേ സ്റ്റേഷനിൽ നിന്നും പിക്ക് ചെയ്യുവാൻ വാഹനങ്ങൾ വരെയുണ്ട്.

എങ്കിലും എൻെറ യൂത്ത് ഹോസ്റ്റൽ അനുഭവങ്ങളിൽ ആവർത്തിച്ച് സന്ദർശിക്കാനിടവന്ന പ്രത്യേകതയാർന്ന രണ്ട് ഹോസ്റ്റലുകളെ കൂടി പരാമർശിക്കേണ്ടതുണ്ട്. ആദ്യത്തേത് ലണ്ടൻ കെൻസിങ്ടണിലെ ഹോളണ്ട് പാർക്ക് യൂത്ത് ഹോസ്റ്റൽ. രണ്ടാമത്തേത് സ്കോട്ലൻഡിലെ ലോക്ക് ലോമണ്ട് യൂത്ത് ഹോസ്റ്റൽ. ഹോളണ്ട് പാര്ക്ക് യൂത്ത് ഹോസ്റ്റലിൻെറ ചാരുത ഒന്ന് വേറെ തന്നെ. തെംസ് നദീതീരം ഒരറ്റം മുതൽ മറ്റേയറ്റം വരെ പര്യവേക്ഷണം നടത്താൻ സഹായകമായ സെൻറ് പോൾ കത്തീഡ്രലിനു തൊട്ടടുത്തുള്ള യൂത്ത് ഹോസ്റ്റലും, ബ്രിട്ടീഷ് ലൈബ്രറിക്കടുത്തുള്ള യൂറോപ്പിലെവിടെ നിന്നും ട്രെയിനിൽ എത്തിച്ചേരാവുന്ന സെൻറ് പാൻക്രാസ് യൂത്ത് ഹോസ്റ്റലും ഏതു കാലവും സഞ്ചാരികളെ കൊണ്ട് നിറഞ്ഞവയും ബുക്ക് ചെയ്യാൻ കിട്ടാൻ വിഷമമുള്ളവയും ആണെങ്കിലും എൻെറ പ്രിഫറൻസ് ഹോളണ്ട് പാർക്ക് ഹോസ്റ്റലിനാണ്. നഗരമധ്യത്തിൽ, കെൻസിങ്ടൻ ഹൈ സ്ട്രീറ്റ് ട്യൂബ് സ്റ്റേഷനിൽ നിന്നും ടാക്സി പിടിച്ചാൽ വളഞ്ഞ് പുളഞ്ഞ് ഏതൊക്കെയോ അസുന്ദരമായ ചെറിയ റോഡുകളിലൂടെ ഹോസ്റ്റലിനു സമീപമെത്താം. എന്നാൽ സ്റ്റേഷനിൽ നിന്നും പുറത്തിറങ്ങി വിശാലമായ പാർക്കിലൂടെ അര മൈലോളം നടന്നാൽ എത്താവുന്ന ദൂരമേയുള്ളൂ അത്. സന്ധ്യയ്ക്കോ, തണുപ്പുകാലത്തോ, മഞ്ഞുവീഴുമ്പോഴോ ആണെങ്കിൽ ആ നടത്തം തന്നെ നവോൻമേഷം പകരും. ഈ നടപ്പാത ഏറ്റവും മനോഹരമായി കാണപ്പെടുക, പല നിറത്തിലുള്ള ഇലകൾ പൊഴിഞ്ഞ് വീണ് പരവതാനി പോലെ കിടക്കുന്ന ശരത്കാല സന്ധ്യകളിലത്രെ. 1607ൽ സർ വാൾട്ടർ സ്കോട്ട്, ലോർഡ് ബൈറൺ, വേഡ്സ്വർത്ത്, ചാൾസ് ഡിക്കൻസ് എന്നിവർ പതിവുകാരായിരുന്നു ഇവിടെ.

**ലോകത്തെവിടെയുമാവട്ടെ നിങ്ങൾ, യൂത്ത് ഹോസ്റ്റൽ നിങ്ങൾക്കുള്ളതാണ്. മിതം, സുരക്ഷിതം, സുന്ദരം**

ഏതോ ഒരു അദൃശ്യശക്തിയുടെ പ്രേരണയാലെന്ന പോലെ 2005 മുതൽക്കിങ്ങോട്ട് എല്ലാവർഷവും തനിച്ചോ കുടുംബത്തോടൊപ്പമോ ഓർക്കാപ്പുറത്തെത്തുന്ന ഒരു സുഹൃത്തിൻെറയൊപ്പമോ ബ്രിട്ടീഷ് സമ്മറിൻെറ പാരമ്യത്തിൽ ഞാനെത്തിച്ചേർന്നിട്ടുള്ള ലോക്ക് ലോമണ്ട് യൂത്ത് ഹോസ്റ്റലാണ് എൻെറ രണ്ടാമത്തെ സ്വപ്നഗേഹം. കൃത്യമായി പറഞ്ഞാൽ സ്കോട്ലൻഡിലെ ഗ്ലാസ്ഗോ നഗരത്തിൽ നിന്നും കഷ്ടിച്ച് 14 നാഴിക അകലെ പ്രഖ്യാതമായ ലോക്ക് ലോമോണ്ഡ് തടാകം തുടങ്ങുന്നിടത്ത് ഒരു കുന്നിൻമേലാണ് ഈ പ്രാചീനമായ കാസിൽ. കോട്ട/കൊട്ടാരത്തിൻെറ പേര് *Achundennan House*. (അച്ചുമ്മാൻെറ പ്രേതഭവനം എന്നാണ് ഞാൻ വിളിക്കാറുള്ളത്). 14 -ാം നൂറ്റാണ്ടിൽ ഈ മന്ദിരവും ചുറ്റുമുള്ള 300 ഏക്കർ എസ്റ്റേറ്റും സ്കോട്ലൻഡ് രാജാവായിരുന്ന Robert the B ruse (അതേ, നമ്മുടെ ചിലന്തിവലക്കഥയിലെ നായകൻ തന്നെ) തൻെറ മൃഗയാ വിനോദങ്ങൾക്കിടെ തങ്ങുന്ന ഒരു ഹണ്ടിങ് ലോഡ്ജായിരുന്നത്രെ. 1865 ലാണ്, നെപ്പോളിയൻെറ പ്രതാപകാലത്ത്, മധ്യപൗരസ്ത്യ ദേശങ്ങളുമായി കച്ചവടം നടത്തി ധനാഢ്യനായ ജോർജ് മാർട്ടിൻ എന്ന പുകയില പ്രഭു ഇവിടെ ഒരു സ്യൂഡോ കാസിൽ പണിയുന്നത് (യുദ്ധ സന്നാഹങ്ങളൊന്നും ഇല്ലാതെ). അക്കാലത്തെ പ്രമുഖ ആർക്കിടെക്റ്റ് ആയിരുന്ന ജോൺ ബർണറ്റിനെയാണ് മന്ദിരം പണിയാനേൽപ്പിച്ചത്. പ്രഭു ദുരൂഹമായ സാഹചര്യങ്ങളിൽ സ്വയം വെടിവെച്ച് മരിച്ചു എന്നാണ് ഭാഷ്യം. പുതിയ ഉടമയായ ഒരു മിസ്റ്റർ ക്രിസ്റ്റൽ 1899 ൽ പുതിയ പ്രവേശന കവാടം കൂട്ടിച്ചേർത്തു.

രണ്ടാം ലോകമഹായുദ്ധ കാലത്ത് അമേരിക്കൻ പട്ടാളത്തിൻെറ പന്ത്രണ്ടാം ആൻറി എയർക്രാഫ്റ്റ് ഡിവിഷൻെറ സർച്ച്ലൈറ്റ് ഹെഡ്ക്വാർട്ടേഴ്സ് ആയിരുന്നു ഈ മന്ദിരം. 1945 ൽ യുദ്ധത്തിനു ശേഷം ബ്രിട്ടീഷ് വാർ റിലീഫ് സൊസൈറ്റി മുഖേന ലഭ്യമായ അമേരിക്കയിലെ ട്രേഡ് യൂണിയനുകളുടെ വലിയ സാമ്പത്തിക സഹായമുപയോഗിച്ചാണ് സ്കോട്ടിഷ് യൂത്ത് ഹോസ്റ്റൽ അസോസിയേഷൻ ഈ പ്രാചീന മന്ദിരം വാങ്ങുന്നതും നവീകരിക്കുന്നതും. ഒരേ സമയം പഴമയും പ്രഭു മന്ദിരത്തിൻെറ ഗരിമയും ചരിത്രം ഇണക്കിച്ചേർത്ത കഥകളും ഇടകലർന്ന ഈ ഗംഭീരമന്ദിരത്തിൽ ഒരു യൂത്ത് ഹോസ്റ്റലിൻെറ തുച്ഛവാടകയ്ക്ക് (ശരാശരി യൂത്ത് ഹോസ്റ്റൽ ബെഡ്ഡിൻെറ വാടക, അംഗത്വമുള്ള ഒരു സഞ്ചാരിക്ക് പതിനഞ്ചിനും ഇരുപതിനും മധ്യേ പൗണ്ട് വരും. തത്തുല്യമായ ഒരു ഹോട്ടൽമുറി-തടവുമുറി-യുടെ മൂന്നിലോ നാലിലോ ഒരു ഭാഗം) താമസിക്കാനാവുക എന്നത് ഒരു സഞ്ചാരിയുടെ ഭാഗ്യമോ അനുഗ്രഹമോ ആണ്.

ഗംഭീരമായ കൊത്തുപണികളുള്ള ചുറ്റുകോണിയും കത്തീഡ്രലുകളോട് കിടപിടിക്കുന്ന സ്റ്റെയിൻഡ് ഗ്ലാസിൻെറ ജനാലകളും പ്രഭു ഭവനത്തിനനുയോജ്യമായ നെരിപ്പോടും വിശാലമായ കോൺഫറൻസ് മുറിയും ഭക്ഷണശാലയും ബങ്കർ ബഡ്ഡുകളാണെങ്കിലും വിശാലവും വൃത്തിയുള്ളവയുമായ കിടപ്പുമുറികളും(ഒരേ സമയം 120 ഓളം പേർക്കിവിടെ താമസിക്കാം) മിക്കവാറും ഏത് മുറിയിൽ നിന്നും കാണാവുന്ന തടാകവും ലോകത്തിൻെറ നാനാഭാഗത്തു നിന്നായി സ്കോട്ട്ലാൻഡ് സൈക്കിളിൽ ചുറ്റാൻ മാത്രമായി വരുന്ന യുവസഞ്ചാരികളും ഒക്കെ ചേർന്നാലും ഒരു നിശബ്ദ ഗാംഭീര്യം ഈ കാസിലിനെ വലയം ചെയ്യിരിക്കും. രാത്രിയുടെ നിശബ്ദതയിൽ ഈ കെട്ടിടം നോക്കിനിൽക്കുന്നത് തന്നെ ഒരനുഭൂതിയാണ്. 30 നാഴിക നീളവും ഒരു നാഴിക വീതിയുമുള്ള സ്കോട്ട്ലാൻഡിലെ ഏറ്റവും വലിയ ശുദ്ധജലതടാകമായ ലോക്ക് ലോമണ്ടിൻെറ വ്യത്യസ്ത ഭാഗങ്ങൾ കണ്ട് തീർക്കാൻ കേന്ദ്രമായുപയോഗിക്കാവുന്ന ഈ യൂത്ത് ഹോസ്ററൽ പകൽ 11നും 3നും ഇടയിൽ മുറികളിൽ താമസിക്കാതിരിക്കാൻ വിനയപൂർവ്വം നിങ്ങളോടഭ്യർഥിക്കും.

-അതെ, യൂത്ത് ഹോസ്റ്റൽ സഞ്ചാരികൾക്കുള്ളതാണ്. ചടഞ്ഞുകൂടിയിരിക്കുന്നവർക്കല്ല.

*കോഴിക്കോട് മെഡിക്കൽകോളേജ് മുൻ പ്രിൻസിപ്പാളാണ് ലേഖകൻ. ഇപ്പോൾ ലണ്ടനിൽ.*



ലണ്ടനിലെ ഹോളണ്ട് പാർക്ക് ഹോസ്റ്റൽ

mathrubhumi yathra TRAVEL INFO

### Youth Hostel Membership

- You can download membership form from (www.yhaindia.org) and send the filled application along with a photograph (two for life membership), Membership fee through Demand Draft (drawn in favour of "YOUTH HOSTELS ASSOCIATION OF INDIA" payable at New Delhi) and identity cum address proof.
- **Address :** Chief Executive Officer, Youth Hostels Association of India, 5, Nyaya Marg, Chanakyapuri, New Delhi-110021. Ph: 011-26110250, 26871969.
- **Benefits :** Avail budgeted/discounted accommodation in Youth Hostels at more than 48 locations in India. Youth Hostel Member Card is an international card and valid in more than 4500 locations around the globe.
- **Various kinds of membership :**Junior (Age between 11 & 18) - for 1 year : Rs. 50. Age above 18: Rs. 100 (for one year), Rs. 200. (for two years). Life Member (Age above 18 years) for life time: Rs. 1550.

*For details, visit: www.yhaindia.org*
*www.hihostels.com*